**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3737**

**24.06.2014**- ലെ മറുപടിക്ക്

<u>ആഗോളവൽക്കരണ-ഉദാരവൽക്കരണവും സഹകരണ</u>
<u>മേഖലയുടെ തകർച്ചയും</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>,, എം. ചന്ദ്രൻ<br>,, എസ്. ശർമ്മ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ<br>വ്യവസായവും വകുപ്പ് മന്ത്രി) |
| കേന്ദ്ര സർക്കാർ മൂലധനശക്തികൾക്കായി കേരളത്തിലെ സഹകരണ മേഖലയെ തകർക്കുന്ന സമീപനം സ്വീകരിക്കുന്നതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | കേരളത്തിലെ സഹകരണ മേഖലയെ തകർക്കുന്ന സമീപനം കേന്ദ്രസർക്കാർ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബാങ്കിംഗ്, ആദായനികുതി തുടങ്ങിയ വിഷയങ്ങളിൽ നിയമഭേദഗതികൾ, നിബന്ധനകൾ, മാനദണ്ഡങ്ങൾ എന്നിവ നിശ്ചയിക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ പ്രാധാന്യവും പ്രത്യേകതകളും കണക്കിലെടുത്ത് അനുയോജ്യമായ വ്യവസ്ഥകൾ നിശ്ചയിക്കാത്തതുമൂലം സംസ്ഥാനത്തെ സഹകരണ മേഖലയുടെ പ്രവർത്തനത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യങ്ങൾ യഥാസമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**